പുനീഹി പാദരജസാ ഗൃഹാൻ നോ ഗൃഹമേധിനാം
യച്ചൌചേനാനുതൃപ്യന്തി പിതര: സാഗ്നയ: സുരാ: (10-41-13)
അവനിജ്യാങ്ഘ്രിയുഗളമാസീഛ് ശ്ലോക്യോ ബലിർമ്മഹാൻ
ഐശ്വര്യമതുലം ലേഭേ ഗതിം ചൈകാന്തിനാം തുയാ (10-41-14)
ആപസ്തേƒങ്ഘ്ര്യ വനേജന്യസ്ത്രീം ലോകാൻ ശുചയോƒപുനൻ
ശിരസാധത്ത യാ: ശർവ: സ്വര്യാതാ: സഗരാത്മജാ: (10-41-15)

*ശുകമുനി തുടർന്നു:*
അക്രൂരൻ ഇങ്ങിനെ സ്തുതിച്ചു കൊണ്ടിരിക്കുമ്പോൾത്തന്നെ ആ ദർശനം പിൻവലിഞ്ഞു. അക്രൂരൻ തന്റെ പ്രാർത്ഥനകൾ പൂർത്തീകരിച്ച ശേഷം രഥത്തിലേക്ക് മടങ്ങി. അക്രൂരന്റെ മയക്കമാർന്ന മുഖം ശ്രദ്ധിച്ച് കൃഷ്ണൻ ചോദിച്ചു. 'അത്ഭുതകരമായ എന്തെങ്കിലും ആകാശത്തോ ഭൂമിയിലോ ജലത്തിലോ കാണുകയുണ്ടായോ?' അതിനു മറുപടിയായി അക്രൂരൻ പറഞ്ഞു. 'ഞാൻ അങ്ങയെ കണ്ടു. ഇപ്പോൾ എന്റെ മുന്നിലും അങ്ങയെ കണ്ടുകൊണ്ടിരിക്കുന്നു. ഇതിലും അത്ഭുതകരമായി മറ്റെന്തുണ്ട്?'

അവർ മധുരാപുരിയുടെ പ്രാന്തപ്രദേശത്തിലെത്തിച്ചേർന്നു. കൃഷ്ണൻ പറഞ്ഞു: 'അമ്മാവാ അങ്ങ് ആദ്യം നഗരത്തിലേക്ക് പൊയ്ക്കൊള്ളൂ. ഞങ്ങൾ പിറകെ വരാം.' ഭഗവാനെ പിരിഞ്ഞിരിക്കുന്ന കാര്യം അക്രൂരന് ആലോചിക്കവയ്യ. കണ്ണീരോടെ കനം തൂങ്ങിയ ഹൃദയത്തോടെ അദ്ദേഹം യാചിച്ചു. 'എന്നെ ഉപെക്ഷി ക്കരുതേ ഭഗവാനേ ഞാൻ അവിടുത്തെ വിനീതഭൃത്യനല്ലോ. ഞങ്ങളുടെ വീടിനെ അവിടുത്തെ പാദരേണുക്കൾ കൊണ്ട് പവിത്രമാക്കിയാലും. അങ്ങിനെയാണല്ലോ പിതൃക്കളും ദേവൻമാരും സന്തുഷ്ടരാവുന്നത്. ഭക്തശിരോമണികൾക്ക് മാത്രം പ്രാപ്യമായ പരമപദം മഹാരാജാവായ ബലിക്ക് ലഭിച്ചത് അവരെ പൂജിച്ചിട്ടാണല്ലോ. അവിടുത്തെ പാദസ്പർശം കൊണ്ട് പരിശുദ്ധമായ തീർത്ഥജലം മൂന്നു ലോകങ്ങളെയും പവിത്രമാക്കുന്നു. ആ തീർത്ഥത്താലാണല്ലോ സാഗരപുത്രൻമാരെ പുനർജീവിപ്പിച്ചത്. ദേവദേവപ്രഭോ അവിടുത്തെ ഞാൻ നമസ്കരിക്കുന്നു.

മധുരാപുരിയിലെ തന്റെ കൃത്യനിർവഹണത്തിനു ശേഷം ഭവനത്തിൽ വരാമെന്ന് കൃഷ്ണൻ അക്രൂരന് ഉറപ്പു നൽകി. അക്രൂരൻ നഗരത്തിലേക്കു പോയി. കൃഷ്ണനും കൂട്ടരും നഗരത്തിനു പുറത്ത് താവളമുറപ്പിച്ചു. എന്നിട്ട് നഗരം ചുറ്റി നടന്നു കണ്ടു. തന്റെ മുന്നിൽക്കണ്ട ഉജ്ജ്വലങ്ങളായ കോട്ടകളെ കൃഷ്ണൻ സാകൂതം വീക്ഷിച്ചു. നഗരത്തിലെ വസ്തുകലാവൈദഗ്ദ്ധ്യവും സമ്പന്നതയും അദ്ദേഹം ആസ്വദിച്ചു. നഗരത്തിലെ പെൺകൊടികൾ ആ രണ്ടു യുവകോമളൻമാരെ കൺകുളുർക്കെ കണ്ടു.

കൃഷ്ണൻ ഒരു അലക്കുകാരനെ അവിടെ കണ്ടു. അവന്റെ കയ്യിൽ നല്ലയിനം വസ്ത്രങ്ങളുണ്ടായിരുന്നു. കൃഷ്ണൻ പറഞ്ഞു: 'എന്റെ ജ്യേഷ്ഠൻ ബലരാമനും എനിക്കും വേണ്ടി നല്ല വസ്ത്രങ്ങൾ തന്നാലും. നിനക്ക് തീർച്ചയായും അനുഗ്രഹം ലഭിക്കും.' ധിക്കാരിയായ ആ അലക്കുക്കാരൻ കംസന്റെ ഭക്തനായിരുന്നു. അവൻ പുച്ഛത്തോടെ കൃഷ്ണന്റെ ആവശ്യത്തെ നിരാകരിക്കുകയാണ് ചെയ്തത്. കൃഷ്ണൻ നിഷ്പ്രയാസം അവന്റെ തല ചുമലിൽനിന്ന് വേർപ്പെടുത്തി അവനെ വധിച്ചു. എന്നിട്ട് ജ്യേഷ്ഠനും അനുജനും തങ്ങൾക്കാവശ്യമുള്ള വസ്ത്രങ്ങൾ എടുത്തു. കുറച്ച് കഴിഞ്ഞ് ഒരു നെയ്ത്തുക്കാരൻ അവർക്കു വേണ്ട ഉത്തരീയങ്ങളും മറ്റു വസ്ത്രങ്ങളും നൽകി. കൃഷ്ണൻ അവനെ അനുഗ്രഹിച്ചു. പിന്നീടവർ സുദാമൻ എന്ന് പേരുള്ള പൂക്കാരനെ കണ്ടു. അവൻ കൃഷ്ണനെ പൂജിക്കുകതന്നെ ചെയ്തു. വർണ്ണശബളമായ പൂമാലകൾ കൊണ്ട് രാമകൃഷ്ണൻമാരെ അവൻ അലങ്കരിച്ചു. അവനിൽ സംപ്രീതനായ കൃഷ്ണൻ അവനാവശ്യപ്പെട്ട വരങ്ങളെല്ലാം നൽകി. അവനും ആ നെയ്ത്തുകാരൻേതു പോലെ ഒരേ ഒരു വരമേ ആവശ്യപ്പെട്ടുള്ളൂ- ഭഗവദ് പദപങ്കജങ്ങളിലുള്ള അചഞ്ചലഭക്തി.